കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി

64 [3578] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ്-മഞ്ചേശ്വരം ഹൊസങ്കടി-മൊറത്തണ മിയ്യപ്പദവ് റൂട്ടിൽ ഒരു കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം പരിശോധിക്കുന്നതാണ്.

കാസർഗോഡ്-പാത്തൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ്

65 [3579] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ്-മഞ്ചേശ്വരം-ഹൊസങ്കടി, മജിർപ്പള്ളം-ആനകല്ല് പാത്തൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് ഓടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഈ കാര്യം പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ ദുരുപയോഗം തടയാൻ നടപടി

66 [3580] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*
,, പി. കെ. കെ. ബാവ:
,, കെ. എൻ. എ. ഖാദർ:
,, ടി. പി. എം. സാഹിർ:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.ക്ക് സർവ്വീസ് ബസ്സുകൾ അല്ലാതെ ഓഫീസ് ആവശ്യത്തിനും വർക്ക്ഷോപ്പ് ആവശ്യത്തിനും മറ്റും ഉപയോഗിക്കുന്ന വാഹനങ്ങൾ എത്രയെണ്ണം ഉണ്ട്;

(ബി) ഇതിന്റെ ഇനം തിരിച്ചുള്ള കണക്ക് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഇതിൽ എത്രയെണ്ണം ഉപയോഗിക്കാൻ പറ്റാത്തവയായിട്ടുണ്ട്;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓഫീസ് കാറുകളും, വർക്ക്ഷോപ്പ് വാഹനങ്ങളും മറ്റുവാഹനങ്ങളും ഉപയോഗിക്കുന്നതിൽ മാത്രം എത്ര രൂപ പ്രതിമാസം ചെലവ് വരുന്നുണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly